**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് II ആയ ശ്രീ.ഹരികുമാർ പി.ക്ക് മെഡിക്കൽ റീഇംബഴ്സ്മെന്റ് അനുവദിച്ച് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.980/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 14.05.2019.

---

പരാമർശം:- 1. 02.05.2018 ലെ സ.ഉ(ആർ.ടി)1249/2018/തസ്വഭവ.

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.01.2019 ലെ ഇ 17-13311/2016/സി.ഇ/എൽ.എസ്.ജി.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ നഗരസഭയിൽ രണ്ടാം തരം ഓവർസിയർ ആയ ശ്രീ. ഹരികുമാർ പി. സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന് 1,72,182/- രൂപ മെഡിക്കൽ റീഇംബഴ്സ്മെന്റ് ആയി അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ രേഖപ്പെടുത്തിയ ഹെഡ് ഓഫ് അക്കൗണ്ട് 2515-00-001-92-01 എന്നായിരുന്നു. എന്നാൽ ടിയാൻ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ സേവനമനുഷ്ഠിച്ച് വരുന്നതിനാൽ 2515-00-001-90-01-04 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്ന് മാത്രമേ ടി തുക അനുവദിക്കാൻ കഴിയുകയുള്ളു എന്നും ആകയാൽ ഇപ്രകാരം മേൽ ഉത്തരവ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.ആലപ്പുഴ നഗരസഭയിൽ രണ്ടാം തരം ഓവർസിയർ ആയ ശ്രീ. ഹരികുമാർ പി. ക്ക് മെഡിക്കൽ റീഇംബഴ്സ്മെന്റ് അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിലെ ഹെഡ് ഓഫ് അക്കൗണ്ട് '2515-00-001-92-01' എന്നത് '2515-00-001-90-01-04' എന്ന് മാറ്റി പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പരാമർശിത ഉത്തരവ് നിലനിൽക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്ത് വി.പി.**

അണ്ടർ സെക്രട്ടറി

1. ശ്രീ.ഹരികുമാർ പി, ഓവർസിയർ ഗ്രേഡ് II
   (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.